# കേരളത്തിലെ സാഹിത്യകാരൻമാർ വോൾട്ടയറെ വായിച്ചു പഠിക്കട്ടെ



കാരൂർ സോമൻ

കേരളത്തിലെ സമകാലിക കലാസാഹിത്യ സാംസ്കാരിക മേഖലകളിലേക്ക് തിരിഞ്ഞുനോക്കിയാൽ ഓർമ വരുന്നത് നാടുകടത്തപ്പെട്ട, തടവറയിലാക്കപ്പെട്ട, പുസ്തകങ്ങൾ കത്തിച്ചുകളഞ്ഞ തത്വശാസ്ത്രജ്ഞനും സാഹിത്യകാരനുമായ വോൾട്ടയർ എന്ന തൂലികാനാമത്തിൽ അറിയപ്പെട്ട ഫ്രാൻസ്വ മരി അറൗവെയാണ്. ഫ്രഞ്ച്, അമേരിക്കൻ വിപ്ലവ പോരാട്ടത്തെ വോൾട്ടയർ കൃതികൾ ഏറെ സ്വാധിനിച്ചു. ആസ്വാദക മനസിൽ ആദരപൂർവ്വം കടന്നുകയറിയ, സാഹിത്യത്തിന് കൃത്രിമ സൗന്ദര്യം നൽകാത്ത വോൾട്ടയറുടെ സാഹിത്യം, വേദനിക്കുന്ന മനുഷ്യരുടെ വികാരവിചാരങ്ങൾ കേന്ദ്രീകരിച്ചുള്ളതായിരുന്നു.

എഴുത്തുകാരുടെ നട്ടെല്ല് വളഞ്ഞുപോയതാണ് കേരളം ഇന്നനുഭവിക്കുന്ന സാംസ്കാരിക ജീർണ്ണതയ്ക്ക് നിദാനം. വളഞ്ഞു നിന്നാൽ, പോക്കറ്റിൽ കാശ് വീഴും (പദവി, പുരസ്കാരം) എന്നതാണ് ഇന്നത്തെ കാവ്യനിർവചനം. നീതിനിഷേധങ്ങൾ നടക്കുമ്പോൾ എഴുത്തുകാരിൽ മിക്കവരും സേവിക്കുന്നത് അധികാരിവർഗത്തെയാണ്. കേരളത്തിലടക്കം അരങ്ങേറുന്ന പാവങ്ങളുടെ ഹൃദയനൊമ്പരങ്ങൾ, കലാരംഗത്ത് നടക്കുന്ന ഉദ്വേഗ ഭയഭീതികൾ, ജാതി മത വെറുപ്പുകൾ ഒന്നും തുറന്നുകാട്ടാൻ കലാസാഹിത്യരംഗത്തുള്ളവർ എന്താണ് മുന്നോട്ട് വരാത്തത്? എത്രനാൾ മാളത്തിൽ ഭയന്നിരിക്കും.

പല എഴുത്തുകാർക്കും പ്രപഞ്ചവിക്ഷണത്തെപ്പറ്റി വലിയ ബോധ്യമില്ല. എഴുത്തുകാർ രാഷ്ട്രീയ പാർട്ടികളെപ്പോലെ പക്ഷവാദികളായി മാറുന്നു. ചില മത സ്ഥാപനങ്ങൾ ആത്മാവ് നഷ്ടപ്പെട്ട് മതമൗലിക സ്ഥാപനങ്ങളായി മാറിയതുപോലെ സാഹിത്യത്തിന്റെ ആത്മാവ് നഷ്ടപ്പെട്ട് യഥാ രാജാ തഥാ പ്രജയായി എഴുത്തുകാർ മാറിയിരിക്കുന്നു. തെറ്റുകൾ ചൂണ്ടിക്കാണിക്കാനോ ചോദ്യം ചെയ്യാനോ ധൈര്യമില്ല. സ്വന്തം പാർട്ടി അധികാരത്തിൽ വരുമ്പോൾ ചക്കരയിൽ പറ്റിയ ഈച്ചപോലെ പറ്റിപിടിച്ചിരുന്ന് ജ്ഞാനപീഠം വരെയെത്താനുള്ള രാഷ്ട്രീയ അടവ് നയങ്ങൾ നടത്തികൊണ്ടിരിക്കുന്നു. രാഷ്ട്രീയ മോഹങ്ങളുമായി ജീവിക്കുന്നവരെപ്പോലെ ഭാഷയെ ഭോഗവസ്തുവായി കണ്ട് സ്വന്തം കൃതികൾവരെ പാഠപുസ്തകങ്ങളാക്കി മാറ്റുന്നു. സാമൂഹ്യജീവിതത്തിൽ അത്യന്തം കലുഷിതങ്ങളായ വിഷയങ്ങളിൽപോലും ഇവർ പ്രതികരിക്കില്ല, മൗനികളാണ്. ഇവിടെയാണ് വോൾട്ടയറെ, അതുമല്ലെങ്കിൽ കേരളത്തിലെ വയലാറിനെയെങ്കിലും പഠിക്കേണ്ടതല്ലേ എന്നു ചോദിച്ചുപോകുന്നത്?

അധികാരത്തിന്റെ തലോടലേറ്റ് അടിമകളെപ്പോലെ കൈകോർത്തുപോകുന്നവരുടെ വൈകാരിക സാമീപ്യം അവാർഡിൽ നിന്ന് അവാർഡിലേക്കുള്ള ദൂരവും പദവിയുമാണ്. സംസ്കാര ശൂന്യമായ ഈ കാവ്യ സംസ്കാരം കുറേ കാലങ്ങളായി കേരളത്തിൽ തുടരുന്നു. കാപട്യം നിറഞ്ഞ ഈ കുടിലവീക്ഷണം മതേതരത്വം പ്രസംഗിച്ച്, മതങ്ങളെ ഭിന്നിപ്പിച്ച് വോട്ടുവാങ്ങുന്നതുപോലെ കലാസാഹിത്യത്തിൽ അടിമകളെ ഉല്പാദിപ്പിക്കുന്നു. എഴുത്തുകാരെ ഭിന്നിപ്പിച്ച് നിർത്തുകയാണ് ലക്ഷ്യം.

സാഹിത്യ-സാംസ്കാരിക രംഗത്ത് ആരെയാണ് സൂക്ഷിക്കേണ്ടത്? അത് മനസിലാക്കിയാണ് വോൾട്ടയർ അധികാരിവർഗത്തോട്, മതങ്ങളോട് ഏറ്റുമുട്ടിയത്. അധികാരം സർവ്വ ദോഷങ്ങളുടേയും ഇരിപ്പിടമെന്ന് അദ്ദേഹം മനസ്സിലാക്കി. അദ്ദേഹത്തെ ജയിലിൽ അടച്ചു, നാടുകടത്തിയ രാജാവിനെ പഠിപ്പിച്ചത് സംഗീത സാഹിത്യ മൃദുസ്വരം അന്തഃപുരത്തിലും വേലിക്കെട്ടിലും തടഞ്ഞുവയ്ക്കാൻ സാധിക്കില്ല, അത് ദിക്കുകൾ ഭേദിച്ച് ഒഴുകിക്കൊണ്ടിരിക്കുമെന്നാണ്. ഒരു ദേശത്ത് ഒരു സർഗ പ്രതിഭയുണ്ടെങ്കിൽ അവിടത്തെ ജീവിത യാഥാർഥ്യങ്ങളെ ഹൃദയഭാവത്തോടെ ഏറ്റെടുത്ത് സമൂഹത്തിന്റെ പ്രതിനിധിയായി മധുരം വിതറാൻ എഴുത്തുകാരുണ്ടാകും. അതാണ് ഗ്രീക്ക്, റഷ്യൻ, ഇംഗ്ലീഷ്, ഫ്രഞ്ച് സാഹിത്യം പഠിപ്പിക്കുന്നത്. പാശ്ചാത്യരിൽ നിന്ന് സാഹിത്യം കോപ്പി ചെയ്തവരുടെ ശക്തിയും പ്രതിഭയും ചോർന്നുപോയോ? വേഷങ്ങൾ കെട്ടിയാടാൻ കുറെ വേദികൾ മതിയോ? കേരളത്തിലെ ഒരു എഴുത്തുകാരന് പദവി അല്ലെങ്കിൽ പുരസ്കാരം ലഭിക്കുമ്പോൾ എന്താണ് ഈ വ്യക്തിയുടെ സാമൂഹ്യ സംഭാവനകൾ.

ജനകീയ അടിത്തറയില്ലാത്ത രാഷ്ട്രീയ നേതാക്കന്മാരെപ്പോലെ ഭാഷയുടെ ശോഭ കെടുത്തുന്ന ധാരാളം അഭിനവ എഴുത്തുകാർ ഇന്നുണ്ട്. രാഷ്ട്രീയ പാർട്ടികൾ ഇപ്പോഴും പറയുന്നത് പാരമ്പര്യമുള്ള, അനുഭവ സാക്ഷ്യങ്ങളുള്ളവരെ വേണം പദവികളിൽ കൊണ്ടുവരാൻ എന്നാണ്. ഇത് സാഹിത്യ സാംസ്കാരിക രംഗത്തും ആവശ്യമല്ലേ? മത രാഷ്ട്രീയക്കാർ സ്നേഹം, തുല്യത, സാഹോദര്യം, ജാതി, മതം തുടങ്ങിയവ പ്രചരിപ്പിച്ച് ജനങ്ങളെ അടിമകളാക്കി വളർത്തുന്നതിനെ എങ്ങനെയാണ് ജനാധിപത്യമെന്ന് വിളിക്കുന്നത്? തൽപരകക്ഷികളുടെ സ്വാർത്ഥ താൽപര്യങ്ങളല്ലേ സാംസ്കാരിക രംഗത്തും നടക്കുന്നത്? ഭാവിയെപ്പറ്റി യാതൊരു ബോധ്യവും ലോകവിക്ഷണവുമില്ലതെ പരീക്ഷയ്ക്ക് കാണാതെ പഠിച്ചെഴുതി പാസ്സാകുന്ന കുട്ടികളെപ്പോലെ ഗദ്യ-പദ്യങ്ങളുടെ പ്രാധാന്യം എന്തെന്നറിയാതെ മുക്കിലും മൂലയിലും എഴുത്തുകാരും പ്രസാധകരും പെരുകുന്നു. പുരസ്കാരങ്ങൾ ചൂടപ്പംപോലെ വിറ്റഴിയുന്നു. അത് കൊടുക്കാൻ ജനപ്രതിനിധികളെത്തുന്നു. നിലവാരമില്ലാത്ത പുരസ്കാരങ്ങൾ വാങ്ങി തന്റെ ശക്തിയും അഭ്യാസവും സോഷ്യൽ മീഡിയയിൽ ആഘോഷമാക്കുന്നു. മലയാള ഭാഷയ്ക്ക് ഈടുറ്റ സംഭാവനകൾ നൽകി പുരസ്കാരം വാങ്ങുന്നവരെപ്പറ്റിയല്ല പറയുന്നത്. കലാ സാഹിത്യരംഗത്തുള്ള കേരളത്തിന്റെ കുതിപ്പ് പറഞ്ഞതാണ്. മലയാള ഭാഷയെ അധോഗതിയിലെത്തിച്ച് അത്യാധുനികമെന്ന് വിശേഷിപ്പിക്കുന്നവരുടെ കാലം. സർഗ്ഗസിദ്ധി എന്നത് അനുഭവ വിജ്ഞാന രചനാപാടവങ്ങളിലൂടെ ആർജ്ജിച്ചെടുക്കുന്നതാണ്. അല്ലാതെ ഒരു പുസ്തകമെഴുതി തൽപരകക്ഷികളിൽ നിന്ന് പുരസ്കാരം വാങ്ങി നാട്ടിൽ ആഘോഷമാക്കുന്നതല്ല.



വോൾട്ടയർ

സാഹിത്യം വെറും കളിവിളയാട്ടമല്ലെന്ന് തെളിയിച്ചവരാണ് ലോകോത്തര സാഹിത്യ പ്രതിഭകൾ. ഫ്രാൻസിൽത്തന്നെ എത്രയോ മഹാരഥന്മാർ മനുഷ്യരുടെ സ്വാതന്ത്ര്യ അവകാശങ്ങൾക്കായി പൊരുതി. അതിൽ ഫ്രഞ്ച് വിപ്ലവത്തിന് വഴിമരുന്നിട്ടവരുമുണ്ട്. അലക്സാണ്ടർ ഡ്യുമാസ്, വിക്ടർ യൂഗോ, ഹോണോരെ ഡി.ബാലസാക്, ഗേയ്.ഡി. മോപ്പസാങ്, സാർത്, പാബ്ലോ നെരൂദ, ഴാങ് ഷെനെ, ആൽബർട്ട് കാമ്യു, (നോബൽ സമ്മാനം ലഭിച്ച ഏറ്റവും പ്രായം കുറഞ്ഞ എഴുത്തുകാരൻ) തുടങ്ങിയവർ. ഇവരിൽ ഭൂരിഭാഗം പേരും തടങ്കലിൽ കഴിഞ്ഞവരും രാജ്യദ്രോഹ കുറ്റം ചുമത്തി നാട് കടത്തപ്പെട്ടവരുമാണ്. വോൾട്ടയർ അടക്കം പലരുടെയും പുസ്തകങ്ങൾ കത്തിച്ചു ചാമ്പലാക്കിയിട്ടുണ്ട്. വോൾട്ടയറേ പതിനൊന്ന് മാസം ബാസ്റ്റൈൽ ജയിലിൽ ലൂയി പതിനഞ്ചാമൻ തടവിലാക്കിയപ്പോൾ അവിടെവെച്ച് എഴുതിയ ലോക പ്രശസ്ത നാടകമാണ് 'ഈഡിപെ'. വോൾട്ടയർ എഴുതിയത് ആരെയും തൃപ്തിപ്പെടുത്താനായിരുന്നില്ല. അധികാരത്തിലിരുന്ന് അനീതി നടത്തുന്ന രാജഭരണത്തിനെതിരെയുള്ള പോരാട്ടമായിരിന്നു. അദ്ദേഹത്തിന്റെ എഴുത്തുകൾ ഫ്രഞ്ച് വിപ്ലവത്തിന് പ്രേരക ശക്തിയായി. അവിടത്തെ എഴുത്തുകാരുടെ ജീവിതം വളരെ സങ്കീർണ്ണമായിരുന്നു. ആരും ഭയന്ന് മാറിയില്ല. ശക്തമായ എഴുത്തുകൾ ചുഴലിക്കാറ്റിലെ കരിയിലപോലെ സിംഹാസനത്തിലുമെത്തി രാജാവിന്റെ കസേര ഇളക്കി മറിച്ചിട്ടു.

വോൾട്ടയറെ ഫ്രഞ്ച് വിപ്ലവത്തിന്റെ ആചാര്യന്മാരിൽ ഒരാളായി ലോകം സ്മരിക്കുന്നു. കേരളത്തിൽ കലാസാഹിത്യ മേഖലകളിൽ നടക്കുന്ന രാഷ്ട്രീയ വിവേചനത്തിനും അടിച്ചമർത്തലിനുമെതിരെ ഒരു നവോത്ഥാന മുന്നേറ്റം തന്നെ വേണം.

ജന്മഭൂമി
Wed, 04 June 2025
https://epaper.janmabhumi.in/c/77491734